**നമ്പർ. എസ് 8/58785/2009**

പോലീസ് ഹെഡ്ക്വാർട്ടേഴ്സ്

കേരളം, തിരുവനന്തപുരം

തീയതി 13/09/2009

## സർക്കുലർ നം: 37/2009

വിഷയം : പെൺകുട്ടികൾക്കായുള്ള ജാഗ്രതാ സമിതികൾ രൂപീകരണം – മാർഗ്ഗ നിർദ്ദേശ രേഖ

01. ഹൈസ്കൂളുകൾ, ഹയർ സെക്കന്ററി സ്കൂളുകൾ, കോളേജുകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പെൺകുട്ടികളുടെ സുരക്ഷ ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ ജാഗ്രതാ സമിതികൾ രൂപീകരിക്കേണ്ടതാണ്. പൊതു സ്ഥലങ്ങളിൽ പെൺകുട്ടികൾക്കു നേരെയുണ്ടാകുന്ന അക്രമം, ബസ്സിലും മറ്റു യാത്രാ വാഹനങ്ങളിലും വച്ചുള്ള അനാവശ്യ ശല്യപ്പെടുത്തൽ, സഹപാഠികളിൽ നിന്നുണ്ടാകുന്ന മോശമായ സമീപനം, മൊബൈൽ ഫോൺ ദുരുപയോഗം എന്നിവയ്ക്കെതിരെ ഓരോ ജാഗ്രതാ സമിതിയും പ്രവർത്തിക്കേണ്ടതാണ്. ഓരോ എസ്.എച്ച്.ഒ മാരും തങ്ങളുടെ പ്രദേശത്തെ പ്രധാനപ്പെട്ട രണ്ടോ മൂന്നോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെങ്കിലും ഇത്തരം സമിതികൾ രൂപീകരിക്കണം. സ്കൂൾ അധികൃതരുടെ സമ്മതത്തോടും സഹകരണത്തോടും കൂടിയാവണം സമിതികൾ രൂപീകരിക്കേണ്ടതും പ്രവർത്തിക്കേണ്ടതും.

02. ജാഗ്രതാ സമിതികൾ താഴെപ്പറയുന്ന രീതിയിൽ സംഘടിപ്പിക്കേണ്ടതാണ്.

| | | |
|---|---|---|
| ചെയർപേഴ്സൺ | – | സ്കൂൾ / കോളേജ് പ്രിൻസിപ്പൽ അഥവാ അവർ ചുമതലപ്പെടുത്തുന്ന അദ്ധ്യാപിക. |
| കൺവീനർ | – | പ്രദേശത്തെ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ. |
| അംഗങ്ങൾ | – | (1)പ്രസ്തുത സ്ഥലത്തെ പോലീസ് സ്റ്റേഷൻ / വനിതാ ഹെൽപ്പ് ലൈൻ എന്നിവിടങ്ങളിലെ രണ്ട് വനിതാ പോലീസുദ്യോഗസ്ഥകൾ.<br>(2) പഞ്ചായത്ത് / മുൻസിപ്പാലിറ്റിയിലെ രണ്ട് വനിതാ അംഗങ്ങൾ<br>(3) സ്കൂൾ പി.റ്റി.എ പ്രതിനിധി(വനിത)<br>(4) എട്ടാം ക്ലാസിന് മുകളിൽ ഓരോ ക്ലാസിനേയും പ്രതിനിധീകരിച്ച് ഒന്നോ, രണ്ടോ പ്രതിനിധികൾ<br>(5)പ്രദേശത്തെ ഒരു വനിതാ ഡോക്ടർ,വനിതാ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്<br>(6)റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹിത്വം വഹിക്കുന്ന ഒരു വനിതാ അംഗം.<br>(7) സ്കൂൾ പരിസരത്ത് താമസിക്കുന്ന ഏവർക്കും സുസമ്മതരായ രണ്ട് മാന്യ വ്യക്തികൾ |

## സമിതിയുടെ ചുമതലകൾ

03. അംഗങ്ങളുടെ സൗകര്യം കഴിയുന്നതും കണക്കിലെടുത്ത് മാസത്തിൽ ഒരു തവണ ജാഗ്രതാ സമിതി യോഗം ചേരേണ്ടതാണ്. കുട്ടികളെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾക്ക് സമിതി യോഗത്തിൽ സ്കൂളിൽ പെൺകുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ അവതരിപ്പിക്കാം.കൂടാതെ സ്കൂളിൽ ഒരു പരാതിപ്പെട്ടി സ്ഥാപിക്കുകയും അതിൽ നിന്ന് കിട്ടുന്ന പരാതികൾ സമിതി യോഗത്തിൽ ചർച്ച ചെയ്യേണ്ടത് ഉണ്ടെങ്കിൽ അപ്രകാരം ചെയ്യുകയും പോലീസിന് കൈമാറേണ്ടവ അപ്രകാരം ചെയ്യേണ്ടതുമാണ്. ഓരോ പ്രശ്നത്തിനും പരിഹാരം കാണേണ്ടത് കൺവീനറുടെ ചുമതലയാണ്. പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന കുട്ടികൾക്ക് യാതൊരുവിധ ദോഷവും വരാത്തവിധത്തിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യു ന്നതിന് സമിതി അംഗങ്ങൾ ശ്രദ്ധിക്കണം. വനിതാ സെൽ ഇടപെട്ട് പരിഹാരം കാണേണ്ടവ അവർക്ക് കൈമാറേണ്ടതാണ്. ജാഗ്രതാ സമിതി മീറ്റിങ്ങുകളുടെ മിനിറ്റ്സും, ഓരോ സമിതിയിലും ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങളും ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം വനിതാസെൽ ഡി.വൈ.എസ്.പിയ്ക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്. ഓരോ പ്രശ്നങ്ങൾക്കും എടുത്ത നടപടികൾകൂടി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## സമിതിയുടെ പ്രവർത്തനങ്ങൾ

04. ജാഗ്രതാ സമിതികൾ സ്കൂൾ തലങ്ങളിൽ മീറ്റിങ്ങുകൾ സംഘടിപ്പിച്ച് കൗൺസിലിങ്,പൊതുസ്ഥലങ്ങളിലും,യാത്രാവേളയിലും മറ്റും പെൺകുട്ടി കൾക്ക് നേരെയുണ്ടാകുന്ന അക്രമപ്രവർത്തനങ്ങൾക്കെതിരെ അവരെ ബോധ വതികളാക്കുന്നതിന് വേണ്ട ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ അത്തരം വിഷയങ്ങൾ ദൂരീകരിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. കുട്ടികൾക്ക് ആത്മവിശ്വാസം നൽകുന്ന കരാട്ടേ, തയ്കൊണ്ട, കളരി തുടങ്ങിയവയിൽ ഏതെങ്കിലും ഉള്ള പരിശീലനം, വ്യക്തിത്വ വികസനം, വ്യക്തി ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കാം. പ്രയോജനമുള്ള ടി.വി പ്രോഗ്രാമുകൾ എങ്ങനെ തെരഞ്ഞെടുക്കണം, മൊബൈൽഫോൺ ഉപയോഗം കൊണ്ടുള്ള അപകട ങ്ങൾ, ഇന്റർനെറ്റ് ഉപയോഗത്തിലും മറ്റും പതിയിരിക്കുന്ന അപകടങ്ങൾ തുടങ്ങിയ വിഷയങ്ങളിലും ക്ലാസ്സുകൾ നടത്താം.

**പോലീസ് ഡയറക്ടർ ജനറൽ**

To

ലിസ്റ്റ് ബി യിലെ ഓഫീസർമാർ

പോലീസ് ആസ്ഥാനത്തിലെ ഓഫീസർമാർ